മി. സ്പീക്കർ: വല്ലതുമുണ്ടെങ്കിൽ നേരത്തെ വന്ന് എഴുതിത്തരണം. ഇവിടെ ഇപ്പോൾ ഒന്നും ഉന്നയിക്കാൻ ഒക്കുകയില്ല. ഒന്നും ഉന്നയിക്കാൻ ഒക്കുകയില്ല. എന്തെങ്കിലും ഉന്നയിക്കണമെന്നുണ്ടെങ്കിൽ.....nothing will go in record. Nothing will go in record .....(ബഹളം).....nothing will go in record.....കാലത്തെ ബഹളമുണ്ടാക്കണമെങ്കിൽ ഉണ്ടാക്കിക്കോ,.....nothing will go in record.....പ്രൈവറ്റ് മെമ്പേഴ്സ് ബിസിനസ് കുഴയ്ക്കണമെന്നുണ്ടെങ്കിൽ കുഴച്ചോ, പക്ഷെ.....nothing will go in record .....യാതൊന്നും രേഖപ്പെടുത്തുകയില്ല. .....(ബഹളം).....ഒന്നുമില്ല, ഈ പറഞ്ഞതൊന്നും രേഖയിൽ കാണില്ല, ആരും ഇത് പ്രസിദ്ധീകരിക്കാനും പാടില്ല. ഒന്നും രേഖയിൽ കാണില്ല. ഇതൊന്നും രേഖയിൽ കാണില്ല. ഈ പറയുന്നതൊന്നും രേഖയിൽ കാണില്ല. എന്തെങ്കിലും ഹൗസിൽ ഉന്നയിക്കണമെന്നുണ്ടെങ്കിൽ അത് നേരത്തെ എഴുതിത്തരണം, approval വാങ്ങിക്കണം ഇവിടെ തന്നാൽ ഒക്കുകയില്ല, നേരത്തെ, എട്ടര മണിക്ക് മുൻപ് എന്നെക്കൊണ്ടുവന്ന് കാണിച്ച്, എനിക്കതു പരിശോധിക്കണം. അതല്ല, ഇവിടെ വന്ന് എഴുതിത്തന്നാൽ ഉന്നയിക്കാൻ ഒക്കുകയില്ല. ഇവിടെ വന്ന് വായിക്കാനുള്ള സമയവും എനിക്കില്ല. അതുകൊണ്ട് ഇതൊന്നും രേഖയിൽ കാണില്ല. ഇന്ന് വെള്ളിയാഴ്ചയാണ്, പ്രൈവറ്റ് മെമ്പേഴ്സ് ബിസിനസ് വേണ്ടെങ്കിൽ അത് പറഞ്ഞാൽ മതി, നേരത്തെ പോകണമെങ്കിൽ അതു പറഞ്ഞാൽ മതി. ഇതൊന്നും രേഖയിൽ കാണില്ല. .....(ബഹളം).....

VIII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. വിജയകുമാർ : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly